# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം. 16882/AD A3/4/2020/ADMIN തീയതി 14.05.2020

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തുണ്ടായിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സർവ്വീസ് പെൻഷണർമാരുടെ ഒരു മാസത്തെ പെൻഷൻ തുക സംഭാവന നൽകുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച **GO(Rt) No. 2980/2020/Fin Dated, 08.05.2020** ഉത്തരവ്, മഹാത്മാഗാന്ധി സർവകലാശാല ആക്റ്റ് 1985 അദ്ധ്യായം 3 പരിച്ഛേദം 10.17 ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R
ASSISTANT REGISTRAR 1 (ADMIN)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5/ഐ.ക്യു.എ.സി./എഡിഡി
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3/എഡി എ8/എഡി എ10
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #2 of File 16882/AD A3-4/2020/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 14-May-2020 04:37 PM - Page 1
മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം

" ഭരണഭാഷ മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

**ധനകാര്യ വകുപ്പ് - കോവിഡ്-19(കൊറോണ) - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സർവ്വീസ് പെൻഷണർമാരുടെ ഒരുമാസത്തെ പെൻഷൻ തുക സംഭാവന നൽകുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.**

====================================================================

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജി.ഒ.(ആർ.ടി)നം. 2980/2020/ധന. തീയതി: 08/05/2020, തിരുവനന്തപുരം.

====================================================================

സൂചന — കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷണേർസ് യൂണിയന്റെ 27/04/2020 -ലെ ധനകാര്യവകുപ്പ് മന്ത്രിയ്ക്ക് നൽകിയ കത്ത്.

## ഉത്തരവ്

കൊറോണ (കോവിഡ്-19) മഹാമാരിയുടെ വ്യാപനം സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ദൂര വ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ടി നഷ്ടങ്ങൾ പരിഹരിക്കുന്നതിനും, സംസ്ഥാനത്തിന്റെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് കോടികണക്കിന് രൂപ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട് ടി പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് സമൂഹത്തിന്റെ നാനാ തുറയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സംഭാവന ലഭിച്ചുവരുന്നു. സൂചന കത്ത് പ്രകാരം പെൻഷണർമാരുടെ ഒരു മാസത്തെ പെൻഷനും, അതിനു മുകളിലുള്ള തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നതിന് സന്നദ്ധരായ പെൻഷണർമാർ നൽകുന്ന സംഭാവന കുറവ് ചെയ്യുന്നതിനുള്ള ക്രമീകരണം ഉണ്ടാക്കുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സർക്കാർ ഉത്തരവാകുന്നു.

1. ഒരു മാസത്തെ പെൻഷൻ തുക കണക്കാക്കേണ്ടത് 2020 മേയ് മാസത്തെ ഗ്രോസ് പെൻഷൻ അടിസ്ഥാനമാക്കിയാണ്.

2. പെൻഷൻ വാങ്ങുന്നവർ അവരുടെ പെൻഷൻ തുകയിൽ നിന്നും കുറവ് ചെയ്യണം എന്ന് എഴുതി തരുന്ന തുക പരമാവധി അഞ്ചു തവണകൾ ആയി കുറവ് ചെയ്യുകയാണ് വേണ്ടത്. നേരത്തെ ഒരു മാസത്തെ പെൻഷന് തുല്യമായ തുക നൽകിയിട്ടുണ്ട് എന്നാൽ ഇനി കൂടുതൽ നൽകാൻ തയ്യാറല്ലാത്തവർ താല്പര്യ പത്രം നൽകേണ്ടതില്ല. തൽപ്പരർ എഴുതി നൽകണം. അത് എത്രയാണോ അത് പരമാവധി അഞ്ചു ഗഡുക്കളായി കുറവ് ചെയ്യുകയാണ് വേണ്ടത്. നേരത്തെ നൽകിയ സംഭാവന വരുമാന നികുതി കണക്കുകൂട്ടലുകൾക്ക് ഉൾപ്പെടുത്തുവാൻ രസീത് ഹാരാക്കണം. ട്രഷറി ഉദ്യോഗസ്ഥർ അതിനുള്ള ക്രമീകരണം ചെയ്യുകയും വേണം.

3. കോവിഡ്-19 ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പെൻഷണർമാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നേരിട്ട് സംഭാവന നൽകിയിട്ടുണ്ടെങ്കിൽ ആയത് ഒരു മാസത്തെ പെൻഷനിൽ നിന്നും കുറവു വരുത്തി ബാക്കിയുള്ള തുക മാത്രം സംഭാവനയായി സ്വീകരിക്കുന്നതാണ്. ഇതിനായി പെൻഷണർമാർ രസീത് സഹിതം ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

4. ഇൻകംടാക്സ് റൂൾ 80 പ്രകാരം ഇളവിനു അർഹതയുള്ളവർക്ക് ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർ അതതു സാമ്പത്തിക വർഷം ഇളവു നൽകേണ്ടതാണ്.

5. പെൻഷണർ ആവശ്യപ്പെട്ടും പ്രകാരം പെൻഷനിൽ നിന്നും സംഭാവനയായി നൽകാൻ ഉദ്ദേശിക്കുന്ന തുകയുടെ അഞ്ചിലൊന്നിൽ കുറയാത്ത ഗഡുവോ മുഴുവൻ തുകയോ 2020 മേയ് മാസത്തെ പെൻഷൻ മുതൽ കുറവു വരുത്തേണ്ടതാണ്.

6. പൂർണ്ണമായും പെൻഷണറുടെ സമ്മതത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും കുറവു ചെയ്യുക. സംഭാവന നൽകാൻ ഉദ്ദേശിക്കുന്ന പെൻഷണർമാർ ഈ ഉത്തരവിനോടൊപ്പമുള്ള മാതൃകയിൽ സമ്മത പത്രം ബന്ധപ്പെട്ട സബ് ട്രഷറി ഓഫീസർ സമക്ഷം സമർപ്പിക്കേണ്ടതുമാണ്.

7. ഈ ഇനത്തിൽ ലഭ്യമാകുന്ന തുക ഒരു പ്രത്യേക TSB അക്കൗണ്ട് ട്രഷറിയിൽ ആരംഭിച്ച് അതിൽ നിക്ഷേപിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് കുമാർ സിംഗ്, (IAS)**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പുകൾക്കും

ഡയറക്ടർ, ട്രഷറി

എല്ലാ ജില്ലാ /സബ് ട്രഷറി

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ, തിരുവനന്തപുരം

സെക്രട്ടറിയേറ്റ്, എല്ലാ വകുപ്പുകളും

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

സർവ്വകലാശാലകൾ, കേരള

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

എല്ലാ പൊതുമേഖല സ്ഥാപനങ്ങൾക്കും

പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ,

സെക്രട്ടറി , ഗവർണർ

സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ, കേരള, തിരുവനന്തപുരം

പ്രൈവറ്റ് സെക്രട്ടറി, മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ

പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ
പ്രൈവറ്റ് സെക്രട്ടറി, ഡപ്യൂട്ടി സ്പീക്കർ

പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവ്

അഡീഷണൽ സെക്രട്ടറി, ചീഫ് സെക്രട്ടറി

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം

സെക്രട്ടറി, കേരള മനുഷ്യവകാശ കമ്മീഷൻ

ഓംബുഡ്സ്മാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനം

നോഡൽ ഓഫിസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

# സമ്മതപത്രം

കോവിഡ്-19 (കൊറോണ) യുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എന്റെ ഒരു മാസത്തെ പെൻഷന് തുല്യമായ തുക, അല്ലെങ്കിൽ.......................... തുക 5 തവണയായി നൽകുന്നതിന് സമ്മതമാണെന്നറിയിക്കുന്നു.

ഒപ്പ് :

തീയതി :

പേര് :

സ്ഥലം :

പി. പി. ഒ നം:

മേൽവിലാസം :

ഫോൺ നം :

ട്രഷറി ഓഫീസറുടെ ഒപ്പ് :

മുദ്ര :